(ബി) കോഴിക്കോട് എസ്. എസ്. എ. ബോർഡ് മുഖേന എത്രപേർക്ക് 2001-2002, 2002-2003, 2003-2004 വർഷങ്ങളിൽ ജോലി കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2004 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് 9251 വിമുക്തഭടൻമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിലെ വിമുക്തഭടൻമാരുടെ എണ്ണം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) കോഴിക്കോട് ജില്ലാ സൈനികക്ഷേമ ഓഫീസ് മുഖേന 2001-2002-ൽ 137 പേർക്കും, 2002-2003-ൽ 173 പേർക്കും, 2003-2004-ൽ 61 പേർക്കും ജോലി ലഭിച്ചിട്ടുണ്ട്.

സർക്കാർപതി ജല വൈദ്യുത പദ്ധതിയിൽനിന്നുള്ള വെള്ളം ചോർത്തൽ

81 [3468] ശ്രീ. എം. മുരളി:
,, അടൂർ പ്രകാശ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർപതി ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള പറമ്പിക്കുളം വെള്ളം കൊണ്ടൂർ കനാൽവഴി തമിഴ്നാട് തിരുമൂർത്തിയിൽ എത്തിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നുണ്ടോ എന്നു നോക്കാൻ എന്തെല്ലാം സംവിധാനം നിലവിലുണ്ട്;

(സി) സർക്കാർപതിയിൽ നിന്നെത്തുന്ന വെള്ളമല്ലാതെ തിരുമൂർത്തി ഡാമിൽ മറ്റെവിടെ നിന്നാണ് തമിഴ്നാടിന് വെള്ളമെത്തിക്കുവാൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴുള്ള ഗേജിംഗ് സംവിധാനത്തിലൂടെ ഇത് അറിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭാരതപ്പുഴയുടെ പോഷക നദിയായ പാലാറിൽക്കൂടി ഒഴുകി എത്തുന്ന വെള്ളവും കൊണ്ടൂർ കനാൽ ഇന്റർസെപ്റ്റ് ചെയ്ത് നല്ലാറിൽ നിന്നും ആളിയാറിൽനിന്നും പോകുന്ന കൈവഴികളിലെ വെള്ളവുമാണ് സർക്കാർപതിയിൽ നിന്നല്ലാതെ തിരുമൂർത്തിയിൽ എത്തുന്നത്.

പറമ്പിക്കുളത്തെ വെള്ളമുപയോഗിച്ച് തമിഴ്നാടിന്റെ വിദ്യുച്ഛക്തി ഉല്പാദനം

82 [3470] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. ബാബു:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളത്തെ വെള്ളമുപയോഗിച്ച് വൈദ്യുതിയുണ്ടാക്കുവാൻ പി. എ. പി. കരാറിൽ വ്യവസ്ഥയുണ്ടോ;

(ബി) ഈ വെള്ളമുപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ അത് കരാർലംഘനമാണോ;

(സി) എങ്കിൽ അതിനെതിരെ എന്ത് നടപടി എടുത്തു; ഒരു നടപടിയും എടുത്തില്ലെങ്കിൽ കാരണമെന്ത്; നാളിതുവരെ നടപടിയെടുത്തില്ലെങ്കിൽ ഇനിയും നടപടിയെടുക്കുമോ;

(ഡി) പി. എ. പി. മെയിൻ കരാറിന്റെയും ഉപകരാറുകളുടെയും അവലോകനം സംബന്ധിച്ചുള്ള അപ്പെൻഡിക്സ്, അനക്ഷർ എന്നിവയുടെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ വെള്ളം ഉപയോഗിച്ച് സർക്കാർപതി പവ്വർഹൗസിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് കരാർലംഘനമല്ല. എന്നാൽ ഈ വെള്ളം തിരുമൂർത്തിയിലേക്ക് കൊണ്ടുപോയി തിരുമൂർത്തിക്ക് താഴെ ഒരു മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് പ്രവർത്തിപ്പിക്കുന്നുണ്ട്. ഇത് കരാർ ലംഘനമായി കണക്കാക്കുന്നു.

(സി) ഇത് തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഒരു ലംഘനമല്ല എന്നാണ് അവരുടെ നിലപാട്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന്റെ പുനരവലോകന സമയത്ത് ഈ വിഷയം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള ശ്രമവും നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly